# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T-2268 18.06.2013 ൽ മറുപടിക്ക്

## ആധാർ കാർഡുകളുടെ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധാർ കാർഡുകൾ ലഭിക്കുന്നതിനു വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ നടക്കുന്നുണ്ടോ; എങ്കിൽ എത്ര പേരാണ് ഇതുവരെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്നും അതിൽ എത്ര പേർക്കാണ് ഇതുവരെ കാർഡ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | ആധാർ കാർഡിനു വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ നടക്കുന്നുണ്ട്. അക്ഷയ, കെൽട്രോൺ, എൻ. പി. ആർ എന്നീ എല്ലാ ഏജൻസികളും മുഖേന ആകെ 3 കോടിയിലധികം ആധാർ എൻറോൾമെന്റ് നടന്നിട്ടുണ്ട്. (ഇരട്ടിപ്പ് കേസുകൾ ഉൾപ്പെടെ) ഇതുവരെ സംസ്ഥാനത്ത് 2,59,22,801 പേർക്ക് ആധാർ നമ്പർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ആധാറിനുപുറമേ എൻ. പി. ആർ രജിസ്ട്രേഷൻ സംസ്ഥാനത്ത് നടക്കുന്നുണ്ടോ ; എങ്കിൽ എത്ര പേർ എൻ. പി. ആർ-ൽ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്ക് കാർഡ് ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 1,87,21,586 പേർ എൻ പി ആർ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 99,38,802 പേർക്ക് എൻ. പി. ആർ രജിസ്ട്രേഷൻ വഴി ആധാർ നമ്പർ അനുവദിച്ചിട്ടുണ്ട്. |
| (സി) | ആധാർ, എൻ. പി. ആർ രജിസ്ട്രേഷൻ മുഖേന ഒരുതരത്തിലുള്ള കാർഡാണോ അതോ പ്രത്യേകം കാർഡുകൾ ആണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ആധാർ വഴിയും, എൻ. പി. ആർ വഴിയും രജിസ്റ്റർ ചെയ്യുന്നവർക്ക് ഇപ്പോൾ ഒരേ തരത്തിലുള്ള ആധാർ കാർഡാണ് നല്കിവരുന്നത്. എന്നാൽ എൻ. പി. ആർ രജിസ്ട്രേഷൻ വഴി 18 വയസ്സിനു മുകളിലുള്ളവർക്ക് റസിഡൻറ് ഐ.ഡി കാർഡ് നൽകുവാൻ കേന്ദ്ര സർക്കാരിൽ പദ്ധതി നിർദ്ദേശം നിലവിലുണ്ട്. |
| (ഡി) | ഇവ രണ്ടും ഒന്നാണെങ്കിൽ ജനങ്ങളെ ആകെ ബുദ്ധിമുട്ടിലാക്കുന്ന രജിസ്ട്രേഷൻ നടത്തേണ്ട ആവശ്യമുണ്ടോ എന്ന് വിശദീകരിക്കുമോ? | (ഡി) | ആധാറും, എൻ. പി. ആറും രണ്ട് പദ്ധതികളാണ്. എന്നാൽ എൻ. പി. ആറിലും, ആധാറിലും പ്രത്യേകം പ്രത്യേകം ബയോമെട്രിക് വിവരങ്ങൾ നൽകേണ്ടതില്ല. |

സെക്ഷൻ ഓഫീസർ